# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2023 ഏപ്രിൽ 20 | ദീപം 56 | നാളം 7 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org




# മോദിയുടെ ദൈവാലയസന്ദർശനം പ്രതിച്ഛായ വീണ്ടെടുക്കാനോ?




ജോർജ് കള്ളിവയലിൽ


ഈസ്റ്റർ ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഡൽഹി ഗോൾ ഡാക്ഖാനയിലെ തിരുഹൃദയ ദൈവാലയം സന്ദർശിച്ചതിനുപിന്നിലെ രാഷ്ട്രീയമാനങ്ങളാണ് എങ്ങും ചർച്ചയായിക്കൊണ്ടിരിക്കുന്നത്. വസ്തുതകളിൽനിന്നകന്നുമാറി കേവലം കേരളത്തിൽ കണ്ണുവച്ചുമാത്രമാണ് മോദി അൾത്താരയിൽ യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേറ്റ രൂപത്തിനുമുന്നിൽ മെഴുകുതിരി തെളിച്ചതെന്നാണു ഭൂരിപക്ഷം വിലയിരുത്തലുകളും നടക്കുന്നത്. എന്നാൽ, ഈ സന്ദർശനത്തിന്റെ കാതലായ ലക്ഷ്യം കേവലം ആഭ്യന്തര നേട്ടം മാത്രമായിരുന്നില്ല. ഇന്ത്യയിൽ ക്രൈസ്തവസമൂഹത്തിനും സ്ഥാപനങ്ങൾക്കും നേരേ സംഘപരിവാർ അനുകൂലസംഘടനകളുടെ നേതൃത്വത്തിൽ തുടർച്ചയായി നടന്നുവരുന്ന അക്രമങ്ങളിൽ അതൃപ്തി പ്രകടിപ്പിച്ച പാശ്ചാത്യരാജ്യങ്ങളുടെ മുന്നിൽ പ്രതിച്ഛായ വീണ്ടെടുക്കുകയെന്ന ലക്ഷ്യം കൂടി പ്രധാനമായും മോദിക്കുണ്ടായിരുന്നു.

കേന്ദ്രമന്ത്രി വി. മുരളീധരൻ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ ബിജെപി നേതാക്കൾ ഈസ്റ്റർ ആശംസകളുമായി കേരളത്തിലെ വിവിധ ക്രൈസ്തവമേലധ്യക്ഷന്മാരെ നേരിട്ടു സന്ദർശിച്ചതിന്റെ പിന്നാലെയുള്ള പ്രധാനമന്ത്രിയുടെ കത്തീഡ്രൽസന്ദർശനത്തിൽ മാധ്യമങ്ങളും രാഷ്ട്രീയക്കാരും സ്വാഭാവികമായി രാഷ്ട്രീയം കണ്ടു. അതിൽ കുറ്റം പറയാനാകില്ല.

1986 ലെ ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ ഡൽഹി സന്ദർശനവേളയിൽ പ്രധാനമന്ത്രിയായിരിക്കേ രാജീവ് ഗാന്ധി മാർപാപ്പയോടൊപ്പം സേക്രഡ് ഹാർട്ട് കത്തീഡ്രൽ സന്ദർശിച്ചിരുന്നു. കഴിഞ്ഞ ക്രിസ്മസിന് രാഷ്ട്രപതി ദ്രൗപതി മുർമുവും ഇവിടെ സന്ദർശനം നടത്തിയിരുന്നു. 1998 ൽ പഞ്ചാബിലെ ജലന്ധറിലുള്ള സെന്റ് മേരീസ് കത്തോലിക്ക കത്തീഡ്രലിൽ അന്നത്തെ പ്രധാനമന്ത്രി ഐ.കെ. ഗുജ്റാളും സന്ദർശനം നടത്തിയിട്ടുണ്ട്. പ്രധാനമന്ത്രി ആയതിനു പിന്നാലെ 2015 ഫെബ്രുവരി 17 ന് സീറോ മലബാർ സഭയുടെ ആഭിമുഖ്യത്തിൽ ഡൽഹിയിൽ സംഘടിപ്പിച്ച സമ്മേളനത്തിലും നരേന്ദ്രമോദി പങ്കെടുത്തിരുന്നു. വിജ്ഞാൻ ഭവൻ പ്ലീനറി ഹാളിൽ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെയും മദർ എവുപ്രാസിയാമ്മയുടെയും വിശുദ്ധപദവി ആഘോഷമായിരുന്നു ചടങ്ങ്. മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി അധ്യക്ഷനായിരുന്ന ചടങ്ങിൽ മോദി നടത്തിയ പ്രസംഗം ബ്രിട്ടൺ, അമേരിക്ക അടക്കമുള്ള ആഗോളമാധ്യമങ്ങളിലും രാജ്യത്തെ ഹിന്ദി, ഇംഗ്ലീഷ്, മലയാളം ദിനപത്രങ്ങളിലും വാർത്താചാനലുകളിലും വലിയ വാർത്തയായിരുന്നു.

**അനുനയശ്രമം ആദ്യമായല്ല**

പൂർണമായ വിശ്വാസസ്വാതന്ത്ര്യം ഉയർത്തിപ്പിടിക്കുമെന്നും മതേതരത്വത്തോടു പ്രതിജ്ഞാബദ്ധമാണെന്നും 2015 ൽ പ്രധാനമന്ത്രി പ്രഖ്യാപിച്ചു. വിഭാഗീയസംഘർഷങ്ങൾ സൃഷ്ടിക്കുന്നവരെ അടിച്ചമർത്തുമെന്നു മുന്നറിയിപ്പു നൽകാനും മറന്നില്ല. ഡൽഹിയിലെ നിരവധി കത്തോലിക്കാദൈവാലയങ്ങളുടെ നേർക്ക് അക്രമം ഉണ്ടായതിന്റെ തൊട്ടുപിന്നാലെയായിരുന്നു പ്രസ്താവന. ക്രൈസ്തവർക്കുനേരെയുള്ള അക്രമങ്ങൾ ഒറ്റപ്പെട്ടതായി കാണാനാകില്ലെന്നും ഒന്നു പോലും അനുവദിക്കില്ലെന്നുമാണ് ഇതേ ചടങ്ങിൽ പ്രസംഗിച്ച അന്തരിച്ച മുൻ ധനമന്ത്രി അരുൺ ജയ്റ്റ്ലി പറഞ്ഞത്.


▶10


# ലോകത്തിന്റെ കുതിപ്പ് ഇന്ത്യയുടെ കൈകളിലേക്ക്




അഡ്വ. വി.സി. സെബാസ്റ്റ്യൻ


ലോകത്തിന്റെ കുതിപ്പും വളർച്ചയും ഇന്ത്യയുടെ കൈകളിലേക്ക് എത്തിച്ചേരുന്ന അപൂർവനിമിഷങ്ങൾക്കാണ് 2023 സാക്ഷ്യം വഹിക്കുന്നത്. ലോകത്തിലെ 19 പ്രമുഖ രാഷ്ട്രത്തലവന്മാരും യൂറോപ്യൻ യൂണിയനും ഒന്നിച്ചണിനിരക്കുന്ന ജി 20 ഉച്ചകോടിക്ക് ഇന്ത്യ ആതിഥേയത്വം വഹിക്കുന്നു. ജി 20 യുടെ ചരിത്രത്തിലാദ്യമായാണ് ഇന്ത്യയിൽ ഉച്ചകോടി നടക്കുന്നത്. 2023 സെപ്തംബർ 9,10 തീയതികളിൽ ഡൽഹി പ്രഗതി മൈതാനിലെ ഇന്റർനാഷണൽ കൺവൻഷൻ സെന്ററിൽ നടക്കുന്ന രാജ്യാന്തരസമ്മേളനത്തിന്റെ മുന്നൊരുക്കങ്ങൾ 2022 ഡിസംബർ 4 മുതൽ ആരംഭിച്ചു. ഇതിന്റെ ഭാഗമായി ഇന്ത്യയുടെ വിവിധ കേന്ദ്രങ്ങളിലായി 249 രാജ്യാന്തര സമ്മേളനങ്ങളാണ് നിലവിലുള്ള ഷെഡ്യൂളുകളിലുള്ളത്.



**കേരളത്തിന് അഭിമാനനിമിഷങ്ങൾ**

ജി 20 ഉച്ചകോടി നടത്തിപ്പിൽ കേരളത്തിനും അഭിമാനിക്കാം. 20 അംഗരാജ്യങ്ങളുടെയും നിർണായക ഷെർപ്പ അഥവാ ഉദ്യോഗസ്ഥസമ്മേളനത്തിനും വർക്കിങ് ഗ്രൂപ്പിനും കേരളത്തിന്റെ ടൂറിസ്റ്റുകേന്ദ്രമായ കുമരകം വേദിയായി. രാജ്യാന്തരടൂറിസംഭൂപടത്തിൽ കേരളത്തിന്റെ അന്തസ്സ് ഉയർത്തിപ്പിടിക്കാനുള്ള സുവർണാവസരമാണ് ജി 20 ഒരുക്കിയത്. അംഗരാജ്യങ്ങളിലെ രാഷ്ട്രത്തലവന്മാരുടെ പ്രതിനിധികളാണ് കുമരകത്ത് 2023 മാർച്ച് 30 മുതൽ നടക്കുന്ന ഷെർപ്പ സമ്മേളനത്തിൽ എത്തിച്ചേർന്നത്. വെറും പ്രതിനിധികളായല്ല, മറിച്ച് ഇവരുടെ ചർച്ചയും നിർദേശങ്ങളുമായിരിക്കും ഉച്ചകോടി പ്രഖ്യാപനങ്ങളുടെ കാതൽ. രാജ്യാന്തരനയതന്ത്രപ്രതിനിധികളെ സ്വീകരിക്കാൻ കുമരകം കേരളത്തനിമയിൽ ഒരുങ്ങിയപ്പോൾ ലോകത്തിന് ദൈവത്തിന്റെ സ്വന്തം നാടിന്റെ പ്രകൃതിഭംഗിയുടെ ടൂറിസവും പങ്കുവെയ്ക്കപ്പെട്ടു.

**'ഷെർപ്പ'വേദിയൊരുക്കി കുമരകം**

രാജ്യാന്തര ഉച്ചകോടിയിൽ അംഗരാജ്യത്തലവന്മാരുടെ ഔദ്യോഗികപ്രതിനിധിയാണ് ഷെർപ്പ. ദൂതനെന്നും വഴികാട്ടിയെന്നും ഷെർപ്പ അർഥമാക്കുന്നു. ഉച്ചകോടിയുടെ ആസൂത്രണം, ചർച്ചകൾ, നടപ്പാക്കൽ എന്നീ ഉത്തരവാദിത്വങ്ങളോടൊപ്പം വിവിധ രാജ്യങ്ങൾ നിർദേശിക്കുന്ന അജണ്ടകളെ ഏകോപിപ്പിച്ച് രാഷ്ട്രങ്ങൾ തമ്മിലുള്ള വ്യത്യസ്തവിഷയങ്ങളിൽ സമവായം കണ്ടെത്തുന്നതും ഉച്ചകോടിക്കുമുമ്പുള്ള കൂടിയാലോചനകൾ നടത്തുന്നതും ഷെർപ്പയാണ്.


▶5

# അക്ഷരത്തെറ്റ് പാടില്ലാത്ത കാവ്യം




ലേഖനങ്ങളിലും പുസ്തകങ്ങളിലും കല്ലുകടിയുണ്ടാക്കുന്ന ഒന്നാണ് അക്ഷരത്തെറ്റ്. ചിലപ്പോൾ ആസ്വാദനത്തെപ്പോലും വഴിതെറ്റിക്കാൻ ഇടയാക്കുന്ന പിഴവാണ് അത്. കേവലം ഒരു പുസ്തകത്തിൽ ഇതാണ് അവസ്ഥയെങ്കിൽ പുസ്തകത്തെക്കാൾ വിലയും അർഥവുമുള്ള ദാമ്പത്യത്തിൽ തെറ്റുകൾ സംഭവിച്ചാലോ?

അതുകൊണ്ടാണ് പ്രതിഭാധനനായ ശ്രീകുമാരൻ തമ്പി അക്ഷരത്തെറ്റ് എന്ന സിനിമയിൽ ഇങ്ങനെയെഴുതിയിരിക്കുന്നത്:

അക്ഷരത്തെറ്റ് വരുത്താതിരുന്നാൽ
അതു മഹാകാവ്യം ദാമ്പത്യം മഹാകാവ്യം എന്ന്.

എന്നാൽ, എന്തു ചെയ്യാം, കവിയുടെതന്നെ വാക്കുകൾ കടമെടുത്താൽ

പതറാതെ പാടിയ നാവുകളുണ്ടോ
ഇടറാതെയാടിയ പാദങ്ങളുണ്ടോ?

അതേ, അറിഞ്ഞും അറിയാതെയും ദാമ്പത്യമാകുന്ന ജീവിതവേദിയിൽ ചുവടുകൾ തെറ്റിയവരും നാവുകൾ ഇടറിയവരുമാണേറെയും. മലയാളത്തിലെ എണ്ണമറ്റ സിനിമകളിൽ ദാമ്പത്യത്തിലെ വഴിതെറ്റൽ പ്രമേയമായി കടന്നുവരുന്നുണ്ട്.

അക്ഷരത്തെറ്റ് എന്ന സിനിമയുടെ കാര്യംതന്നെയെടുക്കാം.

ബാങ്കുമാനേജരായ പ്രകാശിന്റെ ജീവിതത്തിൽ സംഭവിച്ചത് ഇത്തരത്തിലുള്ള ഒരു വഴിതെറ്റലാണ്. സുന്ദരിയായ ഭാര്യയും മകനും അടങ്ങുന്ന സന്തോഷപൂർവമായ കുടുംബജീവിതമാണ് അയാളുടേത്. എന്നാൽ, ഭാര്യയുടെ അസാന്നിധ്യത്തിൽ അയാൾക്കു ബോധപൂർവമല്ലെങ്കിലും ഒരു തെറ്റു സംഭവിക്കുന്നു. അതിനു വഴിയൊരുക്കിയതാകട്ടെ, വിധവയായ രേണുകയും. സത്യത്തിൽ അവൾ അയാളെ കെണിയിൽപ്പെടുത്തുകയായിരുന്നുവെന്നുതന്നെ പറയാം. ഒരിക്കൽമാത്രം സംഭവിച്ച ആ തെറ്റിന്റെ ഭാരം അയാൾ പിന്നീട് ജീവിതം മുഴുവൻ അനുഭവിക്കേണ്ടിവരുന്നു. ഭർത്താവിന്റെ വഴിതെറ്റലിനോടു ക്ഷമിക്കാൻ കഴിയാതെപോയ സുമതി സ്വന്തം വീട്ടിലേക്കു പോകുന്നു. ഭർത്താവിന്റെ അക്ഷന്തവ്യമായ തെറ്റിനെക്കുറിച്ചു പറയുന്ന സുമതിക്ക് അമ്മ നല്കുന്ന മറുപടി പ്രകാശിനോടു ക്ഷമിക്കണമെന്നുതന്നെയാണ്. കാരണം, ജീവിതത്തിൽ ഒരിക്കൽമാത്രം തെറ്റു സംഭവിച്ചവനാണ് അയാൾ. മാത്രവുമല്ല, അയാൾ ആ തെറ്റ് ഏറ്റുപറയുകയും ചെയ്തിട്ടുണ്ട്. എന്നാൽ, മകൾ മനസ്സിലാക്കേണ്ട ഒരു കാര്യമുണ്ട്. അവൾ ഇപ്പോൾ ഏറെ ബഹുമാനത്തോടെ കാണുന്ന അവളുടെ അച്ഛന് താനല്ലാതെ മറ്റു പല സ്ത്രീകളുമായി ബന്ധമുണ്ടായിരുന്നു. യൗവനത്തിലെ അയാളുടെ ഒന്നിലധികം തെറ്റുകളോടു ക്ഷമിക്കാൻ തനിക്കു കഴിഞ്ഞുവെങ്കിൽ നിനക്ക് എന്തുകൊണ്ട് പ്രകാശിനോടു ക്ഷമിച്ചുകൂടാ? ഇതാണ് അമ്മയുടെ ന്യായം.

മക്കൾക്കു മുമ്പിൽ അച്ഛനമ്മമാർ നല്ലവരായി പ്രത്യക്ഷപ്പെടുമ്പോഴും ഭാര്യാഭർത്താക്കന്മാരെന്ന നിലയിൽ അവർക്കു സംഭവിച്ച ഇടർച്ചകൾ അവർ മാത്രമേ അറിയുന്നുള്ളൂവെന്ന സത്യംകൂടിയാണ് ഇവിടെ അനാവൃതമാകുന്നത്. നല്ലവരായി മക്കൾക്കു മുമ്പിൽ പ്രത്യക്ഷപ്പെടുന്ന മാതാപിതാക്കൾ ഭാര്യാഭർത്താക്കന്മാരെന്ന നിലയിൽ ദാമ്പത്യത്തിലും വ്യക്തികളെന്ന നിലയിലും സംഭവിച്ച തെറ്റുകൾ എത്ര മക്കൾ തിരിച്ചറിയുന്നുണ്ട്. പക്ഷേ, പല മാതാപിതാക്കളും ഇടറിയവരും പതറിയവരുമല്ലേ.. മക്കൾ അറിയാതെ പോകുന്ന മാതാപിതാക്കന്മാരുടെ എത്രയെത്ര മുഖങ്ങൾ!

കാഴ്ചപോലെയോ തന്മാത്രപോലെയോ പ്രേക്ഷക - നിരൂപകശ്രദ്ധ പിടിച്ചുപറ്റാതെപോയ ഒരു ബ്ലെസിച്ചിത്രമുണ്ട് - പളുങ്ക്. നാട്ടിൻപുറത്തുനിന്നു നഗരത്തിലേക്കു പറിച്ചുനടപ്പെടുന്ന മോനിച്ചന്റെ, പളുങ്കുപോലെ തകരുന്ന ഒരു കുടുംബത്തിന്റെ കഥയാണത്. പണം ജീവിതത്തിലേക്കു കടന്നുവന്നപ്പോൾ, ചില തെറ്റായ സൗഹൃദങ്ങൾ സമ്പർക്കം പുലർത്തിയപ്പോൾ ഭാര്യയെയും കുട്ടികളെയും വിസ്മരിച്ച് അന്യസ്നേഹങ്ങളിലേക്കു വഴിതെറ്റിപ്പോകുകയാണ് മോനിച്ചൻ. പിന്നീട് സ്വന്തം കുടുംബത്തിൽ ഒരു ദുരന്തം സംഭവിക്കുമ്പോൾ അത് തന്റെ തെറ്റിനുള്ള ശിക്ഷയായി അയാൾ തിരിച്ചറിയുന്നു.

കുടുംബനാഥന്മാരുടെ ഇത്തരത്തിലുള്ള വഴിതെറ്റലുകളെ ഉദാഹരിക്കാൻ ഒരുപാടു സിനിമകൾ വേറേയുമുണ്ട്. പുരുഷനു സംഭവിക്കുന്ന ഇടർച്ചകളാണ് ഇതിലേറെയും പ്രധാന വിഷയമാകുന്നത്. പുരുഷന്റെ വീഴ്ചകളെയാണ് അതേറെയും പർവതീകരിക്കുന്നത്. എന്നാൽ, അതിൽനിന്നു വ്യത്യസ്തമായി സ്ത്രീജീവിതത്തിന്റെ പതർച്ചകളിലേക്കും ചില സിനിമകൾ ക്യാമറ തിരിച്ചുവച്ചിട്ടുണ്ട്.

കെ.ജി. ജോർജിന്റെ ഇരകൾ, അദ്ദേഹത്തിന്റെ തന്നെ മറ്റൊരാൾ, ഉടൽ, ചതുരം തുടങ്ങി ഏറ്റവും ഒടുവിൽ ഗണേഷ് രാജിന്റെ പൂക്കാലം വരെ ഇത്തരം ചില യാഥാർഥ്യങ്ങളാണ് അനാവരണം ചെയ്തത്. സമ്പന്നകത്തോലിക്കാക്കുടുംബത്തിലെ ആനി എന്ന ഭർത്തൃമതിയുടെ വഴിതെറ്റലുകളാണ് ഇരകൾ പറഞ്ഞത്. ഭർത്താവും കുടുംബവും ഉള്ളപ്പോഴും പരപുരുഷന്മാരെ തേടിപ്പോകുകയാണ് മദ്യാസക്തകൂടിയായ ആനി. കുടുംബത്തിനുള്ളിൽനിന്നുകൊണ്ടുതന്നെ രഹസ്യമായ പരപുരുഷബന്ധങ്ങളാണ് ആനി നടത്തുന്നത്.




എന്നാൽ, 'മറ്റൊരാ'ളിൽ എത്തുമ്പോൾ ഭർത്താവ് കൈമളിനെ ഉപേക്ഷിച്ച് അയാളുടെ ശമ്പളക്കാരനും യുവാവുമായ മറ്റൊരുവനൊപ്പം ഇറങ്ങിപ്പോവുകയാണ് സുന്ദരിയും യൗവനയുക്തയുമായ സുശീല. ഭർത്തൃമതികൾ പുലർത്തുന്ന വിവാഹേതരബന്ധങ്ങളും ഒളിച്ചോട്ടങ്ങളും ഇന്ന് ഏറെക്കുറെ സാധാരണസംഭവമായിക്കഴിഞ്ഞിട്ടുണ്ട്. എന്നാൽ, ഈ വ്യാപകസത്യത്തിനും എത്രയോ മുമ്പായിരുന്നു സുശീലയുടെ ഇറങ്ങിപ്പോക്കു നടന്നത്. ഒരുപക്ഷേ, അന്നത്തെ സാമൂഹികമനസ്സിന് ഉൾക്കൊള്ളാൻ കഴിയാതെ പോയതുകൊണ്ടാവാം അർഹിക്കുന്ന ശ്രദ്ധ ഈ ചിത്രത്തിനു ലഭിക്കാതിരുന്നത്.

മധ്യവയസ് പിന്നിട്ട സമ്പന്നനായ അച്ചായന്റെ രണ്ടാം ഭാര്യയായി എത്തുന്ന സെലേനയുടെ അവിഹിതങ്ങളാണ് സിദ്ധാർത്ഥ് ഭരതന്റെ ചതുരം പറഞ്ഞത്. ഒരു അപകടത്തെത്തുടർന്ന് കിടപ്പിലായ അച്ചായന്റെ ശുശ്രൂഷ നിർവഹിക്കാൻ വരുന്ന ബൽത്താസർ എന്ന മെയിൽ നേഴ്സുമായുള്ള അടുപ്പവും തുടർന്നുണ്ടാകുന്ന സംഭവഗതികളും ചിത്രത്തെ സംഘർഷഭരിതമായി മുന്നോട്ടുകൊണ്ടുപോകുന്നു.

രതീഷ് രഘുനന്ദൻ സംവിധാനം ചെയ്ത ഉടലിലെ ഷൈനിയും വഴിവിട്ട ജീവിതം നയിക്കുന്ന വീട്ടമ്മമാർക്കും കുടുംബജീവിതത്തിന്റെ വിശുദ്ധി തകർക്കുന്ന ഭാര്യമാർക്കുമുള്ള തെളിവാണ്.

എന്നാൽ, ഇതിൽനിന്നെല്ലാം വ്യത്യസ്തമാണ് പൂക്കാലത്തിലെ കൊച്ചുത്രേസ്യയുടെ വഴിതെറ്റൽ. പത്തൻപതുവർഷം പിന്നിട്ട ദാമ്പത്യജീവിതത്തിൽ ഭർത്താവ് ഇട്ടൂപ്പിനും മക്കൾക്കും കൊച്ചുമക്കൾക്കും ഇടയിൽ സന്തോഷത്തോടെ ജീവിച്ചുവരുമ്പോഴും കൊച്ചുത്രേസ്യയ്ക്കുമാത്രമറിയാവുന്ന ഒരു രഹസ്യം അവരുടെയുള്ളിൽ ജീവിക്കുന്നുണ്ടായിരുന്നു. തീർത്തും അവിചാരിതമായ ആ രഹസ്യത്തെക്കുറിച്ചുള്ള ചില സൂചനകൾ ഇട്ടൂപ്പിനു ലഭിക്കുന്നതോടെ ഇരുവർക്കുമിടയിലെ ബന്ധം ഉലയുന്നു. ഭർത്താവിന്റെ അമിത മദ്യപാനവും ഉത്തരവാദിത്വമില്ലായ്മയും സൃഷ്ടിക്കുന്ന പ്രാതികൂല്യങ്ങൾക്കുമുമ്പിൽ നാലു മക്കളുമൊത്ത് ദുരിതംപിടിച്ച ജീവിതം നയിച്ചുവരുമ്പോഴാണ് തീർത്തും അവിചാരിതമായി അയാൾ കൊച്ചുത്രേസ്യയുടെ ജീവിതത്തിലേക്കു കടന്നുവരുന്നത്. മനസ്സുകൾ തമ്മിലും ശരീരങ്ങൾ തമ്മിലും എവിടെ വച്ചോ സന്ധിക്കുന്നു.

എന്നാൽ, പെട്ടെന്നുതന്നെ അതിൽനിന്നു പുറത്തുകടക്കാൻ കൊച്ചുത്രേസ്യയ്ക്കു കഴിഞ്ഞു; ഭർത്താവിനെ ധ്യാനത്തിൽ പങ്കെടുപ്പിച്ചു നല്ലവനാക്കാനും അങ്ങനെ പാളിപ്പോകുമായിരുന്ന കുടുംബജീവിതം നേർവഴിക്കു നയിക്കാനും. കാലം കഴിഞ്ഞുപോയപ്പോഴും ആ പഴയ ബന്ധം ഇതുവരെയും ഭർത്താവറിയാതെ അവർ നിധിപോലെ സൂക്ഷിക്കുന്നുണ്ടായിരുന്നു. കാമുകനെഴുതിയ കത്ത് ഇത്ര വർഷം കഴിഞ്ഞിട്ടും അവർ സൂക്ഷിച്ചുവച്ചിരുന്നതുപോലും അതിന്റെ തെളിവായിരുന്നു. എന്നിട്ടും ഒരുനാൾ ഭർത്താവ് ആ രഹസ്യം കണ്ടുപിടിക്കുമ്പോൾ ന്യായീകരിക്കാൻ തയ്യാറാവാതെ ഉള്ളിലെ കുറ്റബോധവും പാപബോധവും കലർന്ന് അവർ ആരും കാണാതെ പൊട്ടിക്കരയുകയാണ്. (അമ്മയുടെ ഈ വഴിതെറ്റലിനെ പെൺമക്കൾപോലും ന്യായീകരിക്കുന്നുണ്ട് എന്നതാണു വാസ്തവം.)

മനസ്സിനെ പലരും ഒരു കുരങ്ങിനോടു സാമ്യപ്പെടുത്താറുണ്ട്. ഒരിടത്തും ഇരിക്കാതെ ചാടിച്ചാടി നടക്കുന്നുവെന്നതാണ് കുരങ്ങിന്റെ പ്രത്യേകത. വിവാഹിതരാകുന്ന ദമ്പതികൾക്കും ജീവിതത്തിന്റെ പല ഘട്ടങ്ങളിലും ഈ ചാഞ്ചാട്ടം അനുഭവപ്പെടുന്നുണ്ട്. മറ്റൊരാളെ കാണുമ്പോൾ തനിക്കുള്ള ആളിൽ ഉള്ളതിലേറെ എന്തോ ആകർഷണം തോന്നി അവർക്കൊത്തു ജീവിക്കാൻ അവരിൽ ചിലർ തയ്യാറാകുന്നു. നിലവിലുള്ള കുടുംബബന്ധങ്ങളെത്തന്നെ തകർത്തുകൊണ്ടായിരിക്കും അവർ ഇറങ്ങിപ്പോകുന്നത്.

വേറേ ചിലർക്ക് ഇടർച്ചകൾ ഒരിക്കൽ മാത്രം - പൂക്കാലത്തിലെ കൊച്ചുത്രേസ്യയെപ്പോലെ - സംഭവിക്കുന്നു. എന്നാൽ, അവരതിനെ മറികടക്കുകയും നേരായ വഴിയിലേക്കു മാറിനടക്കുകയും ചെയ്യുന്നു.

ഇനിയും ചിലർ ഇരുതോണിയിൽ കാലുകളിട്ടു മുന്നോട്ടുപോകുന്നു. എപ്പോഴെങ്കിലും കൈയോടെ പിടികൂടിയാലായി, ഇല്ലെങ്കിലായി.

മറ്റു ചിലരുണ്ട്, മനസ്സിൽമാത്രം ഇടർച്ചയുണ്ടാകുന്നവർ (മനമോടാത്ത കുമാർഗമില്ലെടോ എന്ന് കുമാരനാശാൻ). തങ്ങളുടെ ധാർമികചിന്തയും ആത്മീയതയും വഴിയായി അവർ കുടുംബജീവിതത്തിന്റെ ഭദ്രത കാത്തുസൂക്ഷിക്കുന്നു.

വഴിപിഴയ്ക്കൽ പുരുഷനുമാത്രം സംഭവിക്കുന്ന ഒന്നല്ല സ്ത്രീയും വഴിപിഴയ്ക്കാറുണ്ട്. അതിനുള്ള തെളിവുകളാണ് മുകളിൽ പരാമർശിച്ച സ്ത്രീകഥാപാത്രങ്ങൾ. തെറ്റുപറ്റുന്നത് ആർക്കുമാകട്ടെ - ലിംഗഭേദങ്ങൾ അതിന് ബാധകവുമല്ല - സംഭവിക്കുന്നത് ഒന്നുമാത്രമാണ്.

ഏതൊരു തെറ്റിനും അതിന്റെ ശിക്ഷ നാം അനുഭവിക്കേണ്ടിവരും. അക്ഷരത്തെറ്റിലെ പ്രകാശന്റെ തെറ്റിന്റെ പേരിൽ മകൻ കൊലപാതകിയാകുന്നു. പളുങ്കിലെ മോനിച്ചന്റെ പാപത്തിന്റെ ഫലമായി മകൾ കൊല്ലപ്പെടുന്നു. 'മറ്റൊരാ'ളിലെ സുശീല കാമുകന്റെ ചതി മനസ്സിലാക്കി കുറ്റബോധത്തോടെ തിരികെവരാൻ തയ്യാറാകുമ്പോഴും അവളെ സ്വീകരിക്കാൻ തയ്യാറാവാതെ സ്വന്തം നെഞ്ചിൽ കത്തി കുത്തിയിറക്കി ആത്മഹത്യ ചെയ്യുകയാണ് കൈമൾ. വാർധക്യത്തിൽ അവിഹിതം പുറത്തറിഞ്ഞതോടെ ബന്ധത്തകർച്ചയും മാനഹാനിയുമാണ് കൊച്ചുത്രേസ്യയ്ക്കു നേരിടേണ്ടിവന്നത്.

പാപത്തിന്റെ ശമ്പളം മരണമാണെന്ന ബൈബിൾ വചനത്തിന് എക്കാലവും പ്രസക്തിയുണ്ട്. പാപം മനുഷ്യന്റെ വിധിയാണെന്ന് ഒ.വി. വിജയന്റെ ഒരു നിരീക്ഷണമുണ്ട്. പക്ഷേ, ആ വിധിയെ മറികടക്കാൻ മനുഷ്യനു കഴിയും. അതിജീവിക്കാൻ കഴിയാത്ത വിധത്തിലുള്ള ഒരു പ്രലോഭനവും നിങ്ങൾക്കു നേരിടേണ്ടിവരില്ലെന്നാണ് തിരുവചനത്തിന്റെ ഉറപ്പ്. എന്നിട്ടും നാം വീണുപോകുന്നത് നമുക്കു പാപത്തോട് അത്രയധികം ചായ്‌വുള്ളതുകൊണ്ടാണ്. നാം പാപം ചെയ്യാൻ ഇഷ്ടപ്പെടുന്നതുകൊണ്ടാണ്.

എല്ലാവരുടെയിടയിലും വിവാഹം മാന്യമായി കരുതപ്പെടട്ടെ. മണവറ മലിനമാകാതിരിക്കട്ടെ. കാരണം, അസന്മാർഗികളെയും വ്യഭിചാരികളെയും ദൈവം വിധിക്കും (ഹെബ്രാ. 13:4)

തെറ്റും രാഗം പിഴയ്ക്കും താളം
തിരുത്തലിലൂടെ ഉണരും പ്രവാഹം
ഈ ജീവഗാനപ്രവാഹം (ശ്രീകുമാരൻതമ്പി- അക്ഷരത്തെറ്റ്)

■

# എന്റെ ഭൂമി, എല്ലാവരുടെയും



ഫാ. തോമസ് പാട്ടത്തിൽചിറ
സി. എം. എഫ്



ഏപ്രിൽ 22 ഭൗമദിനം

**ഏ**റെ ധ്യാനിക്കപ്പെടേണ്ട ഒരു നിത്യവിസ്മയമാണ് നമ്മെ താങ്ങുന്ന, താങ്ങില്ലാതെ തിരിയുന്ന ഭൂമി. പക്ഷേ, ജനിമൃതികൾക്കിടയിലെ ജീവിതവ്യഗ്രതകൾക്കു നടുവിൽ പലപ്പോഴും നാം അതേപ്പറ്റി ചിന്തിക്കാറേയില്ല. ഭൗമഗോളത്തെക്കുറിച്ചുള്ള അനുസ്മരണവുമായി ഏപ്രിൽ 22 എത്തുമ്പോൾ 'EARTH' എന്ന ഇംഗ്ലീഷ് പദത്തിന്റെ ഓരോ അക്ഷരവും പ്രതിനിധാനം ചെയ്യുന്ന ചില അവബോധങ്ങളിൽ അല്പംകൂടി ആഴപ്പെടാൻ പരിശ്രമിക്കുന്നത് പ്രയോജനപ്രദവും പ്രചോദനകരവും ആയിരിക്കും.

'E' എന്ന ആദ്യത്തെ അക്ഷരം, ഭൂമി അടിസ്ഥാനപരമായി ഒരു ഇക്കോസിസ്റ്റം (Ecosystem) ആണെന്ന അവബോധമാണു നല്കുന്നത്. 'പരസ്പരവും ചുറ്റുപാടുകളുമായും പ്രതികരിക്കുന്ന സസ്യങ്ങളും ജന്തുക്കളും അടങ്ങുന്ന പരിതഃസ്ഥിതിപരമായ ഏകകം' എന്നാണ് ഈ പദത്തിന്റെ മലയാള അർഥം. ചരാചരങ്ങളായ സകലതിന്റെയും ഒരു കൂട്ടായ്മയാണ് ഭൂമി. മണ്ണ് മനുഷ്യനുവേണ്ടിമാത്രമുള്ള ഒന്നല്ല എന്നു വ്യക്തം. പക്ഷേ, പലപ്പോഴും നാം ഭൂമിയെ കൈകാര്യം ചെയ്യുന്നത് നമ്മുടെ സ്വാർഥതാത്പര്യങ്ങളുടെ സാക്ഷാത്കാരത്തിനായിമാത്രം കറങ്ങിത്തിരിയുന്ന ഒരു ബിംബമാണത് എന്ന തെറ്റുധാരണയോടെയാണ്. തീർത്തും വികലമായ ഈ ചിന്താഗതി നാം പാടേ വെടിഞ്ഞേ പറ്റൂ. മനുഷ്യർ മാത്രമുള്ളയിടം ഭൂമിയാകില്ല; ജന്തുക്കൾ മാത്രമുള്ളയിടം ഭൂമിയാകില്ല; സസ്യങ്ങൾ മാത്രമുള്ളയിടം ഭൂമിയാകില്ല;. അചരങ്ങൾ മാത്രമുള്ളയിടം ഭൂമിയാകില്ല. പിന്നെയോ, ഇവയെല്ലാം ഒന്നിച്ചുള്ളയിടമാണു ഭൂമി. ഇവയുടെയെല്ലാം സഹവാസമാണു ഭൂമിയുടെ ഭംഗി. ഈ പരിസ്ഥിതിപരമായ ഏകകത്തിൽ സസ്യങ്ങളും ജന്തുക്കളും പ്രകൃത്യാ പരാശ്രിതരും, അന്യോന്യം പ്രതികരിക്കുന്നവരുമാണ്. ഒന്നിന്റെ പ്രവർത്തനം മറ്റൊന്നിനെ സ്വാധീനിക്കുമ്പോഴാണ് പ്രതികരണമുണ്ടാകുന്നത്. ഓർക്കണം, ആത്യന്തികമായി മനുഷ്യന്റെ ചിന്തകളും ചെയ്തികളുമാണ് ഇതരജീവജാലങ്ങളെയും പ്രകൃതിയെയും കാര്യമായി ബാധിക്കുന്നത്. സഹജീവികളെ മറന്നുകൊണ്ടുള്ള മനുഷ്യന്റെ അത്യാഗ്രഹങ്ങൾക്ക് അറുതിവരുന്ന കാലംവരെ ഭൂമി ഭയംഭരിക്കുന്ന ഇടമായിത്തുടരും. ആകയാൽ, മറ്റു ജീവജാലങ്ങളിൽനിന്നും പരിസ്ഥിതിയിൽനിന്നും അപകടകരമായ പ്രതികരണം ഉളവാക്കുന്ന എല്ലാ പ്രവൃത്തികളും ഉപേക്ഷിക്കുവാനുള്ള മുഴുവൻ കടമയും മനുഷ്യന്റേതാണ്. മനോജ്ഞമായ ഈ ഭൗമമണ്ഡലത്തിലുള്ള സകലതിനും അർഹിക്കുന്ന ആദരവും മൂല്യവും കൊടുത്തുകൊണ്ട്, ഒത്തുവസിക്കലിന്റെ ആനന്ദം അനുഭവിച്ചു ജീവിക്കാൻ പ്രതിജ്ഞ ചെയ്യാം.

'A' എന്ന രണ്ടാമത്തെ അക്ഷരം, ഭൂമി ഒരു ആർറ്റിഫാക്ട് (Artefact) ആണെന്ന അവബോധമാണ് നല്കുന്നത്. 'കലയുടെയോ കരകൗശലത്തിന്റെയോ ഉത്പന്നം' എന്നാണ് ഈ പദത്തിന്റെ മലയാള അർഥം. വാസ്തവത്തിൽ അതിശ്രേഷ്ഠമായ ഒരു കലാശില്പംതന്നെയല്ലേ ഭൂമി! വിളഞ്ഞുകിടക്കുന്ന വയലേലകളും പച്ചപിടിച്ച പുല്മേടുകളും മഞ്ഞുമൂടിയ മലനിരകളും പുഞ്ചിരിക്കുന്ന പുഷ്പങ്ങളും ചിറകടിക്കുന്ന ചിത്രശലഭങ്ങളും നീന്തുന്ന നദികളും കറുത്ത കാടുകളും, കാൽച്ചിലമ്പുകൾ കെട്ടിയ കാട്ടരുവികളും മുകിലുകൾ മുങ്ങിക്കുളിക്കുന്ന കണ്ണാടിപ്പൊയ്കകളും കിളിക്കൂട്ടങ്ങളുടെ കളകൂജനവും മരങ്ങളുടെ മർമരവും മഴയുടെ മന്ത്രങ്ങളും മാരിവില്ലിന്റെ മാസ്മരികതയും കരകാണാത്ത കടലും തഴുകുന്ന തെന്നലും മഞ്ഞമണലാരണ്യങ്ങളും മനുഷ്യരും മൃഗങ്ങളും മത്സ്യങ്ങളുംകൂടിയുള്ള ഈ ഭൗമഗോളത്തിനു തികച്ചും അഭൗമമായ അഴകും ആകാരവൈശിഷ്ട്യവുമല്ലേ ഉള്ളത്! ഓർക്കണം, ഇത്രയും ചേതോഹരമായ ഈ ഗ്രഹത്തിൽ ജനിച്ചു ജീവിക്കാൻ കഴിയുകയെന്നത് എത്രയോ വലിയ ഭാഗ്യമാണ്! നിസ്സീമമായ നീലാകാശക്കുടയുടെ കീഴിൽ കറങ്ങിത്തിരിയുന്ന ഈ ഭൂമിചക്രത്തിന്റെ നിറക്കൂട്ടുകളിൽ കരിമഷിയൊഴിച്ചു വികൃതമാക്കുന്ന വിധത്തിലുള്ള എല്ലാ അകൃത്യങ്ങളിൽനിന്നും അകന്നുനിൽക്കാൻ നമുക്കുള്ള കടമ മറക്കാതിരിക്കാം.

'R' എന്ന മൂന്നാമത്തെ അക്ഷരം, ഭൂമി ഒരു റെളിക് (Relic) ആണെന്ന അവബോധമാണ് നല്കുന്നത്. 'തിരുശേഷിപ്പ്' എന്നാണ് ഈ പദത്തിന്റെ മലയാള അർഥം. ഭൂമിയെയും അതിലുള്ളവയെയും വെറും ഭൗതികവും ഐഹികവുമായിമാത്രം കണക്കാക്കുന്നത് പൂർണമായും ഭൂമിക്ക് പരിശുദ്ധിയുടെ ഒരു പരിവേഷംകൂടിയുണ്ട്. വിശുദ്ധിതന്നെയായവന്റെ വിരൽസ്പർശമേറ്റതിനാൽ അതിനും പരിശുദ്ധിയുടെ പരിമളമുണ്ട്. നമ്മുടെ പാദങ്ങൾ പതിയുന്ന ഇടം പൂജ്യമാണ് എന്നുസാരം. കരുതലുള്ള ദൈവത്തിനു മനുഷ്യകുലത്തോടുള്ള കരുണയുടെ തിരുശേഷിപ്പാണ് ഭൂമി എന്നുള്ള തിരിച്ചറിവ് ഇനിയെങ്കിലും നമുക്കുണ്ടാവണം. താൻ സന്ദർശിച്ച രാജ്യങ്ങളിൽ കാലുകുത്തുന്നമാത്രയിൽ മുട്ടുകുത്തി കുനിഞ്ഞ് നിലംചുംബിച്ചിരുന്ന വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പായും മത്സരങ്ങൾക്കു മുമ്പും പിമ്പും കളിക്കളങ്ങളെ തൊട്ടുമുത്തുന്ന കളിക്കാരും മണ്ണിനെ പൂജിക്കുന്നവരുമൊക്കെ ഇത്തരമൊരു തിരുശേഷിപ്പുവിശ്വാസത്തിൽ വളരാൻ നമ്മെ പ്രേരിപ്പിക്കണം. വിശുദ്ധമായ ഭൂമിയെ അശുദ്ധവും മലിനവുമാക്കുന്ന എല്ലാ നികൃഷ്ടകൃത്യങ്ങൾക്കും ഉത്തരവാദി മനുഷ്യൻമാത്രമാണ്. ഭൗമഗോളത്തിന്റെ പ്രാരംഭനൈർമല്യം വീണ്ടെടുക്കാനുള്ള സകല സംരംഭങ്ങളിലും സർവാത്മനാ സഹകാരികളാകാൻ നാം സന്നദ്ധരാകണം, 'പവിത്രമായ പാരിനെ പങ്കിലമാക്കരുത്' എന്ന 'പതിനൊന്നാം പ്രമാണം' പാലിച്ചു ജീവിക്കാൻ നാം ഇനിയെങ്കിലും പരിശ്രമിച്ചിരുന്നെങ്കിൽ!

'T' എന്ന നാലാമത്തെ അക്ഷരം, ഭൂമി ഒരു റ്റെസ്റ്റമെന്റ് (Testament) ആണെന്ന അവബോധമാണ് നല്കുന്നത്. 'കൂട്ടിച്ചേർത്തുണ്ടാക്കിയ ഗ്രന്ഥം' എന്നാണ് ഈ പദത്തിന്റെ മലയാള അർഥം. സത്യത്തിൽ ഭൂമിയെക്കാൾ ബൃഹത്തായ മറ്റൊരു പുസ്തകമുണ്ടോ? അറിവും അനുശാസനങ്ങളും അടങ്ങിയിട്ടുള്ള, തനിമയുടെ തങ്കച്ചരടുകൊണ്ടു കുത്തിക്കെട്ടപ്പെട്ട മൂലഗ്രന്ഥമാണ് ഭൂമി. നമ്മുടെ അനുദിനജീവിതത്തിനും അഭിവൃദ്ധിക്കും ആവശ്യമായ അടിസ്ഥാനപാഠങ്ങളെല്ലാം ഈ പുസ്തകത്തിലുണ്ട്. മിക്കപ്പോഴും നാം അവയെ ഗൗനിക്കുകയോ മാനിക്കുകയോ ചെയ്യുന്നില്ല എന്നുമാത്രം. ധരയിൽ വിരിയുന്ന മലരിനും കൊഴിയുന്ന ഇലയ്ക്കും കലങ്ങിത്തെളിയുന്ന പുഴയ്ക്കും കരകയറുന്ന കടലിനും പൊരിവെയിലത്തെ തണൽമരത്തിനും അടങ്ങിയിരിക്കുന്ന പക്ഷിക്കും, പടംപൊഴിക്കുന്ന പാമ്പിനും ഉരുകിക്കത്തുന്ന മെഴുകുതിരിക്കും മുഴങ്ങിക്കേൾക്കുന്ന മണിനാദത്തിനും കുന്നിനും കുഴിക്കും ഋതുഭേദത്തിനും പ്രളയത്തിനും പ്രകൃതിക്ഷോഭങ്ങൾക്കും എന്നുവേണ്ട നാം തട്ടിവീഴുന്ന ഒരു കല്ലിനുപോലും പാഠങ്ങളൊരുപാടു പഠിപ്പിക്കാനുണ്ട്. 'ഭൂമിയോളം ക്ഷമിക്കുക', 'ഭൂമിയോളം സഹിക്കുക', 'ഭൂമിയോളം താഴുക' മുതലായ ഭാഷാപ്രയോഗങ്ങളിൽത്തന്നെ ക്ഷമയുടെയും സഹനത്തിന്റെയും എളിമയുടെയുമൊക്കെ അങ്ങേയറ്റങ്ങൾ കാണാൻ കഴിയും. പാരിടമാകുന്ന പാഠാവലിയിൽനിന്നു പകർത്തിയെഴുതപ്പെട്ടവയേ കൈയിലുള്ള കടലാസുപുസ്തകങ്ങളിലുള്ളൂ എന്ന ഒന്നാം പാഠം ഒരുനാളും നാം മറന്നുകൂടാ. ഭൂമിയെന്ന അനന്യവും അമൂല്യവുമായ കൃതി വായിച്ചുപഠിക്കാൻ എന്നാവും നമുക്കു സമയവും സൗകര്യവും ഉണ്ടാവുക?

'H' എന്ന അവസാനത്തെ അക്ഷരം, ഭൂമി ഒരു ഹെവെൻ (Heaven) ആയിരിക്കണം എന്ന ആദർശമാണ് പ്രഘോഷിക്കുന്നത്. 'സ്വർഗം' എന്ന പദത്തിന്റെ സാമാന്യാർഥത്തിൽ നന്മനിറഞ്ഞ ഇടമായാണ് ഭൂമിയെ വിഭാവനം ചെയ്യുന്നത്. പാർത്തലത്തിൽ പുണ്യങ്ങൾ പൂക്കണമെങ്കിൽ അത് തിന്മ തീണ്ടാത്ത ഇടമായിരിക്കണം. അപ്രകാരം ഭൂമിയെ ആക്കിത്തീർക്കുകയെന്നത് മനുഷ്യകുലത്തിന്റെമാത്രം മൗലികകടമയാണ്. തിന്മയുടെ വകഭേദങ്ങളായ മത, രാഷ്ട്രീയ, സാംസ്കാരികതീവ്രവാദങ്ങൾ, വിദ്വേഷം, പക, അഴിമതി, അനീതി, അക്രമം, ചൂഷണം ആദിയായവയെ ഇല്ലായ്മ ചെയ്യാൻ മനുഷ്യരൊന്നിച്ചു പ്രയത്നിക്കേണ്ടതുണ്ട്. സ്വർഗം സാഹോദര്യത്തിന്റെ പ്രതീകമാണ്. സാഹോദര്യമനോഭാവത്തോടെ മനുഷ്യർ ജീവിക്കുമ്പോഴേ ശാശ്വതമായ സമാധാനം സ്ഥാപിതമാകൂ. സമാധാനരാഹിത്യമാണ് നാകത്തെ നരകമാക്കി മാറ്റുന്നത്. ഓർക്കണം, പാരിനെ പറുദീസയാക്കിത്തീർക്കാനുള്ള നിയോഗമാണ് നമ്മുടെ ആയുസ്സിനുള്ളത്. ആധിപത്യത്തിനും അടിച്ചമർത്തലിനുമുള്ള അനാവശ്യ ആവേശത്തെ മുളയിലേ നുള്ളിക്കളയാം. അന്യരുടെ അവകാശങ്ങളെയും ആവശ്യങ്ങളെയും വിശ്വാസങ്ങളെയും ആചാരങ്ങളെയും ആദരിക്കാൻ ശീലിക്കാം. എല്ലാറ്റിന്റെയും എല്ലാവരുടെയും ഭവനമായ ഈ ഭൂമികയുടെ മനോഹാരിതയെയും സംശുദ്ധിയെയും സർവനന്മകളെയും പരിപാലിക്കാനും പരിപോഷിപ്പിക്കാനും വരുംതലമുറകൾക്കു കർത്തവ്യബോധത്തോടെ കൈമാറാനും കർമ്മനിരതരാകാം.

---

കവിത

ജിന്റോ ജെ. പൊട്ടയ്ക്കൽ

## ...ള്ളം

വള്ളം വെള്ളത്തിലായിരുന്നു
എങ്കിലും,
വള്ളത്തിന്റെയുള്ളിൽ
വെള്ളം തുള്ളിപോലുമില്ലായിരുന്നു.
ഉള്ളിൽ വെള്ളം കയറിയാൽ
കൊള്ളില്ലെന്നാണ്
കൂടെയുള്ളവർ പറഞ്ഞിട്ടുള്ളത്.

അതുകൊണ്ടാണ്,
തന്റെ പള്ളയിൽ
പണ്ടു കൊണ്ടൊരു
മുള്ളിനെയോർത്ത്
വള്ളത്തിന്റെയുള്ളു നീറിയത്.

അങ്ങനെയിരിക്കേ ഒരുനാൾ,
മുള്ളിന്റെ ചുറ്റുമൊരു നനവ്!
വരണ്ട ഉള്ളിനൊരു ഉണർവ്!
മെല്ലെ,
നനവൊരു പുഴയായി
വള്ളത്തെ പുണർന്നു.

ഇരുണ്ട അറകളിലെല്ലാം പ്രളയം,
പ്രണയം!
പുറത്തെ വെള്ളംതന്നെ അകത്തും!

പതുക്കെ,
പതുക്കെപ്പതുക്കെ
വള്ളം വെള്ളത്തിന്റെ
ഉള്ളിലായി!

വെള്ളത്തിലലിയുമ്പോൾ
തന്റെ മുള്ളിനെയോർത്ത്
വള്ളം ആദ്യമായി
ദൈവത്തെ സ്തുതിച്ചു!

പിന്നീട്,
വള്ളത്തെയാരും കണ്ടിട്ടില്ല.
വെള്ളമാകട്ടെ,
മുള്ളുകൊണ്ടു പള്ളകീറിയ
മറ്റൊരു വള്ളത്തെപ്പുണരാനായി
അസൂയയോടെ ഒഴുക്കുതുടർന്നു...

# ഉത്ഥിതനിൽ ദൃഷ്ടിയുറപ്പിച്ച ജീവിതം



ഫാ. ഡോ. ഡൊമിനിക് വെച്ചൂർ

ഒരിക്കലും മരിക്കാത്ത ഓർമകൾ സമ്മാനിച്ചിട്ടാണ് ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ നിത്യവിശ്രമത്തിനായി കടന്നുപോയത്. ഒരോ ദിവസം കഴിയുന്തോറും അദ്ദേഹത്തെക്കുറിച്ചുള്ള വിസ്മയവും അദ്ദേഹത്തോടുള്ള ആദരവും കൂടിവരികയാണ്. ഈ നൂറ്റാണ്ടു കണ്ട മഹാനായ ഒരു പാപ്പായാണ് ബെനഡിക്ട് പതിനാറാമൻ. അദ്ദേഹത്തിന്റെ മരണത്തോടെ ഒരു ബെനഡിക്ടയിൻ യുഗം അവസാനിക്കുകയായിരുന്നു. വന്ദ്യപിതാവ് ഒരു യുഗപുരുഷനായി മാറുകയും ചെയ്തു. അദ്ദേഹത്തിന്റെ 96-ാമത് ജന്മവാർഷികമാണ് ഏപ്രിൽ 16.



### സമാനതകളില്ലാത്ത ജീവിതം

ജീവിതത്തിലും മരണത്തിലും സംസ്കാരശുശ്രൂഷയിലും വ്യതിരിക്തതകളുള്ള അതുല്യവ്യക്തിത്വമായിരുന്നു ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ. പിതാവ് ജനിച്ചതും മരിച്ചതും ഒരു ശനിയാഴ്ചയായിരുന്നു. ജനിച്ചത് 1927 ഏപ്രിൽ 16; ആ വർഷത്തെ പെസഹാ ആഴ്ചയിലെ വലിയ ശനിയാഴ്ചയായിരുന്നു. അദ്ദേഹം ചരമം പ്രാപിച്ച 2022 ഡിസംബർ 31 ശനിയാഴ്ചയായിരുന്നു എന്നത് ഒരു ദൈവപരിപാലനയായി കാണുന്നു. ജനിച്ചു മണിക്കൂറുകൾക്കുള്ളിൽത്തന്നെ അദ്ദേഹത്തിനു മാമ്മോദീസാ നല്കി. അതും തിരുസ്സഭയിൽ മാമ്മോദീസായെ പ്രത്യേകമായി അനുസ്മരിച്ചാഘോഷിക്കുന്ന വലിയ ശനിയാഴ്ചയാണെന്നതും ഒരു ദൈവനിയോഗമായിരിക്കാം. ജനനദിവസംതന്നെ സ്വീകരിച്ച പരിശുദ്ധ മാമ്മോദീസായുടെ വരപ്രസാദം അവസാനശ്വാസംവരെ അദ്ദേഹത്തെ ശക്തിപ്പെടുത്തി.

കാൽനൂറ്റാണ്ടോളം വത്തിക്കാനിലെ വിശ്വാസതിരുസംഘത്തിന്റെ മേധാവിയായി ശുശ്രൂഷ ചെയ്തുവെന്നത് കർദിനാൾ ജോസഫ് റാറ്റ്സിങ്ങറിനുമാത്രം അവകാശപ്പെട്ട ഒരു സവിശേഷതയാണ്. വത്തിക്കാനിലെ വിവിധങ്ങളായ ശുശ്രൂഷകളിലൂടെ പരിശുദ്ധ സിംഹാസനത്തെ ഇത്രമാത്രം അടുത്തറിഞ്ഞ മറ്റൊരു വ്യക്തി ഉണ്ടാവില്ല. മാർപാപ്പായായിരിക്കവേ സ്ഥാനത്യാഗം ചെയ്തതും തിരുസ്സഭയുടെ കഴിഞ്ഞ 600 വർഷങ്ങളിലെ ചരിത്രത്തിലെ അപൂർവതകളിലൊന്നാണ്. ഈ നൂറ്റാണ്ടു കണ്ട ഏറ്റവും വലിയ ഒരു കരിസ്മാറ്റിക് സംഭവമായിരുന്നു ഇത്. വന്ദ്യപിതാവിനെ സംസ്കരിച്ചത് തന്റെ മുൻഗാമിയായ വി. ജോൺപോൾ രണ്ടാമൻ മാർപാപ്പായെ ആദ്യം സംസ്കരിച്ച കബറിടത്തിൽത്തന്നെയാണെന്നതും ഒരു വ്യത്യസ്തതതന്നെയാണ്. ജോൺ പോൾ മാർപാപ്പായുടെ വിശ്വസ്തമിത്രവും സന്തതസഹചാരിയും മനസ്സാക്ഷിസൂക്ഷിപ്പുകാരനും അദ്ദേഹത്തിന്റെ പ്രധാനാചാര്യശുശ്രൂഷയുടെ കാലഘട്ടം മുഴുവനും സത്യവിശ്വാസപ്രബോധനത്തിന്റെ ഉറങ്ങാത്ത കാവൽക്കാരനും സംരക്ഷകനുമായിരുന്നു കർദിനാൾ റാറ്റ്സിങ്ങർ. ബെനഡിക്ട് പിതാവിന്റെ സംസ്കാരശുശ്രൂഷയും അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം വളരെ ലളിതമായിട്ടാണു നടത്തപ്പെട്ടത്. മുൻഗാമിയായ മാർപാപ്പയുടെ സംസ്കാരശുശ്രൂഷകൾക്കു പിൻഗാമിയായ മാർപാപ്പാതന്നെ കാർമികത്വം വഹിച്ചതും ഒരു വേറിട്ട അനുഭവമായിരുന്നു.

### ഈശോയെ പ്രണയിച്ച ജീവിതം

'കർത്താവേ, നിന്നെ ഞാൻ സ്നേഹിക്കുന്നു" എന്നതായിരുന്നു ബെനഡിക്ട് പിതാവിന്റെ നാവിൽനിന്നുതിർന്ന അവസാനമൊഴികൾ. വന്ദ്യപിതാവിന്റെ ജീവിതത്തിന്റെ സാരാംശവും ഇതുതന്നെയായിരുന്നു. ഈശോയെ തന്റെ ജീവിതത്തിൽ ഏറ്റവും വലിയ നിധിയും അമൂല്യനിക്ഷേപവുമായി അദ്ദേഹം തിരിച്ചറിഞ്ഞു. അതു ജീവിച്ചു; ആ സത്യം ലോകത്തോടു സധീരം പ്രഘോഷിച്ചു. "എല്ലാറ്റിനുമുപരി മിശിഹാ" എന്ന സെന്റ് ബെനഡിക്ടിന്റെ ജീവിതനിയമവും ഈശോ മാനവകുലത്തിന്റെ മുഴുവൻ ഏകരക്ഷകനാണെന്നുള്ള പഠനവും ഈ വലിയ ഇടയന്റെ ഉറച്ച നിലപാടും അദ്ദേഹത്തിന്റെ ശക്തമായ പ്രബോധനവുമായിരുന്നു. ഏകരക്ഷകനായ ഈശോയുടെ അനന്യത നന്നായി വെളിവാക്കുന്ന അടിസ്ഥാനപ്രബോധനമാണ്, പിതാവ് വിശ്വാസതിരുസംഘത്തിന്റെ മേധാവിയായിരുന്ന കാലത്ത് മഹാജൂബിലിവർഷത്തിൽ പുറപ്പെടുവിച്ച പ്രഖ്യാപനമായ "കർത്താവായ ഈശോ"എന്ന പ്രമാണരേഖ. പിതാവ് മാർപാപ്പ ആയിരുന്നകാലത്ത് എഴുതി പ്രസിദ്ധീകരിച്ച "നസ്രായനായ ഈശോ" എന്ന മൂന്നു വാല്യങ്ങളുള്ള കൃതി മിശിഹാവിജ്ഞാനീയത്തിലെ ഒരു ഉറവിടപഠനവും വിശുദ്ധ സുവിശേഷങ്ങളുടെ ഒരു ഉത്തമ വ്യാഖ്യാനവുമാണ്. ബെനഡിക്ട് പതിനാറാമൻ പാപ്പാ ജീവിതംകൊണ്ടും പ്രബോധനംകൊണ്ടും മിശിഹാകേന്ദ്രീതവ്യക്തിത്വത്തിന്റെ ഉടമയായിരുന്നു.

### എന്നും സത്യത്തിന്റെ സഹപ്രവർത്തകൻ

ഒഴുക്കിനെതിരേ നീന്തിയ വ്യക്തിത്വമാണ് ബെനഡിക്ട് മാർപാപ്പാ. പരിശുദ്ധസഭയുടെ വിശ്വാസ-ധാർമിക പ്രബോധനങ്ങൾ വെള്ളം ചേർക്കാതെ അദ്ദേഹം പഠിപ്പിച്ചു. സർവകലാശാലകളിൽ അധ്യാപകനായിരുന്നപ്പോഴും മ്യൂണിക് അതിരൂപതയുടെ ആർച്ചുബിഷപ് ആയിരുന്നപ്പോഴും പിന്നീട് വിശ്വാസതിരുസംഘത്തിന്റെ അധ്യക്ഷനായിരുന്നപ്പോഴും എല്ലാറ്റിനുമുപരി തിരുസ്സഭയെ നയിച്ച വർഷങ്ങളിലും ഒരു തികഞ്ഞ യാഥാസ്ഥിതികനെപ്പോലെ ബെനഡിക്ട് പിതാവ് സഭയുടെ പരമ്പരാഗതപ്രബോധനങ്ങളെ ശക്തിയുക്തം പഠിപ്പിച്ചു. വേദപുസ്തകത്തിന്റെ സമഗ്രവ്യാഖ്യാനരീതി, ഈശോ മിശിഹായുടെ അനന്യത, കത്തോലിക്കാ തിരുസ്സഭയുടെ ശ്രേഷ്ഠത, സഭ ദൈവജനവും ദൈവഭവനവുമാണെന്ന ചിന്താധാര, സഭാകൂട്ടായ്മയുടെ ദർശനം, ശ്ലൈഹിക പിൻതുടർച്ചയുടെ ചരിത്രപരത, ആരാധനക്രമത്തിന്റെ പരമോന്നതസ്ഥാനം, ആരാധനക്രമകാര്യങ്ങളിലെ നിഷ്ഠ, വൈദികബ്രഹ്മചര്യം, പുരുഷശുശ്രൂഷാപൗരോഹിത്യം, സഭാശുശ്രൂഷകരുടെ ഭാഗത്തുനിന്നുണ്ടായ ലൈംഗിക ദുരുപയോഗങ്ങളിലെ സീറോ സഹിഷ്ണുത, ആൺ-പെൺ പരസ്പരപൂരകത്വത്തിലും ആത്മസമർപ്പണത്തിലും അധിഷ്ഠിതമായ കൗദാശികവിവാഹ-കുടുംബ സങ്കല്പങ്ങൾ, സ്വവർഗകൂടിത്താമസങ്ങളുടെ ക്രമരഹിതഭാവം, ഭിന്നലൈംഗികാഭിമുഖ്യമുള്ളവരോടുള്ള പ്രത്യേക അജപാലനകരുതൽ, മനുഷ്യജീവന്റെ ശ്രേഷ്ഠത, സമഗ്രപരിസ്ഥിതിസ്നേഹം, വത്തിക്കാൻ കാര്യാലയത്തിലെ സാമ്പത്തികസുതാര്യത, സഭയും രാഷ്ട്രങ്ങളും തമ്മിലുള്ള ആരോഗ്യകരമായ ബന്ധം, യൂറോപ്പിന്റെ ക്രൈസ്തവവേരുകൾ തുടങ്ങിയവയൊക്കെ അവയിൽ ഏറെ പ്രധാനപ്പെട്ടവയാണ്. കർദിനാൾ ജോസഫ് റാറ്റ്സിങ്ങറുടെ നേതൃത്വത്തിൽ എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിച്ച 'കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം' സത്യവിശ്വാസപ്രബോധനത്തിലെ ഒരു ആധികാരിക റഫറൻസ് ഗ്രന്ഥമാണ്. പ്രതിസന്ധികളുടെ ശക്തമായ കാറ്റ് സഭാനൗകയെ ഉലച്ചപ്പോഴും ദൈവകൃപയിൽ ആശ്രയിച്ച് അടിപതറാതെ ഈ വലിയ അമരക്കാരൻ സഭയെ ശരിയായ ദിശയിൽ നയിച്ചു; തന്റെ അജഗണത്തെ സത്യത്തിന്റെ പച്ചയായ പുൽത്തകിടിയിലേക്കും പ്രശാന്തമായ ജലാശയത്തിലേക്കും നയിച്ചു. അദ്ദേഹത്തിന്റെ പ്രഥമാചാര്യശുശ്രൂഷാകാലത്ത് പ്രസിദ്ധീകരിച്ച 'ദൈവം സ്നേഹമാകുന്നു', 'പ്രത്യാശയിൽ രക്ഷ', 'സത്യത്തിൽ സ്നേഹം' എന്നീ ചാക്രികലേഖനങ്ങളും 'സ്നേഹത്തിന്റെ കൂദാശ ', 'വിശ്വാസത്തിന്റെ വാതിൽ' തുടങ്ങിയ ഇതര പ്രബോധനങ്ങളും ഇതിന്റെ നിദർശനങ്ങളാണ്. പരിശുദ്ധ ഫ്രാൻസിസ് പിതാവിന്റെ പ്രഥമ ചാക്രികലേഖനമായ 'വിശ്വാസത്തിന്റെ വെളിച്ചം' എന്ന പ്രബോധനത്തിലും ബെനഡിക്ട് പിതാവിന്റെ ചിന്തകളും ഉണ്ടായിരുന്നു. വന്ദ്യപിതാവ് വിശ്രമജീവിതം നയിച്ചിരുന്ന കാലത്ത് കർദിനാൾ റോബർട്ട് സറായുമൊത്തു രചിച്ച "ഞങ്ങളുടെ ഹൃദയങ്ങളുടെ ആഴത്തിൽനിന്ന്" എന്ന ഗ്രന്ഥവും സഭയുടെ പരമ്പരാഗതപ്രബോധനങ്ങളെ അടിവരയിടുന്നതാണ്.

പീഡകൾ സഹിച്ച് കുരിശിൽ മരിച്ച് മൂന്നാംദിനം മഹത്ത്വത്തോടെ ഉയിർത്തെഴുന്നേറ്റ ഈശോയിൽ മിഴികൾ ഉറപ്പിച്ച ജീവിതമായിരുന്നു ബെനഡിക്ട് പിതാവിന്റേത്. നമുക്കു നോക്കി ധ്യാനിക്കാനും നോക്കി നടക്കാനും ഒരു മുഖമുണ്ട്. അത് ഉത്ഥിതനായ മിശിഹായുടേതാണെന്ന് അദ്ദേഹം പലപ്പോഴും പഠിപ്പിച്ചിരുന്നു. ചരിത്രപുരുഷനായ ഈശോയും ഉയിർത്തെഴുന്നേറ്റ് നമ്മുടെ വിശ്വാസത്തിന്റെ നാഥനും കർത്താവുമായിത്തീർന്ന മിശിഹായും ഒരാൾതന്നെയാണെന്ന് അദ്ദേഹം വ്യക്തമായി പഠിപ്പിച്ചു. ഉത്ഥിതനായ മിശിഹായിലുള്ള വിശ്വാസമാണ് ജീവിതപ്രതിസന്ധികളിലും ആചാര്യശുശ്രൂഷയുടെ വ്യത്യസ്തമേഖലകളിലും അദ്ദേഹത്തെ ഉറപ്പിച്ചുനിറുത്തിയത്. ദൈവജനവും ദൈവഭവനവും മിശിഹായുടെ മൗതികശരീരവുമായ സഭ സ്വർഗീയമഹത്ത്വം ലക്ഷ്യമാക്കി സ്വർഗോന്മുഖമായി യാത്ര ചെയ്യുന്ന തീർഥാടകസമൂഹമാണെന്നതും പിതാവിന്റെ വ്യക്തമായ പ്രബോധനമായിരുന്നു. ഈ തീർത്ഥാടനസ്വഭാവം വ്യക്തമാക്കുന്നതാണ് കിഴക്കോട്ടു തിരിഞ്ഞു പ്രാർഥിക്കുന്ന സാർവത്രികസഭയുടെ ശ്ലൈഹികപൈതൃകമെന്ന് അദ്ദേഹം ഉറച്ചുവിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്തിരുന്നു. കിഴക്കോട്ടു തിരിയുക എന്നാൽ, കർത്താവിലേക്കു തിരിയുക എന്നാണ് അർഥമെന്ന് ബെനഡിക്ട് മാർപാപ്പാ പഠിപ്പിക്കുന്നു. ഈ ദൈവോന്മുഖഭാവവും യുഗാന്ത്യവിചിന്തനവുമാണ് ക്രൈസ്തവജീവിതത്തിനും മനുഷ്യജീവിതത്തിനും ആഴവും അർഥവും നൽകുന്നതെന്ന് അദ്ദേഹം പഠിപ്പിക്കുന്നു. "നാം ഉയിർപ്പിന്റെ മക്കളാണ്; 'ഹല്ലേലൂയാ' എന്നത് നമ്മുടെ പൊതുപ്രാർത്ഥനാഗീതമാണ്" എന്ന സെന്റ് അഗസ്റ്റ്യന്റെ വാക്കുകൾ ഇവിടെ ഓർക്കുന്നത് ഉചിതമെന്നു കരുതുന്നു.

### വിശുദ്ധനായ ആത്മീയാചാര്യൻ

അറിവും വിശുദ്ധിയും ഒന്നുപോലെ സമ്മേളിച്ച ജീവിതമാണ് ബെനഡിക്ട് പിതാവിന്റേത്. രണ്ട് ഗവേഷണപ്രബന്ധങ്ങളുടെയും അറുപതോളം ദൈവശാസ്ത്രഗ്രന്ഥങ്ങളുടെയും, നൂറുകണക്കിനു ലേഖനങ്ങളുടെയും രചയിതാവാണദ്ദേഹം. 'നവ ആഗസ്തീനോസ്', 'നവ തോമസ് അകിനാസ്' എന്നിങ്ങനെ വിശേഷിപ്പിക്കപ്പെടാൻമാത്രം ദൈവവചനവും വിശ്വാസരഹസ്യങ്ങളും ആഴത്തിൽ പഠിക്കുകയും പഠിപ്പിക്കുകയും ശരിയായി വ്യാഖ്യാനിക്കുകയും അവയൊക്കെ വരുംതലമുറയ്ക്കായി എഴുതിപ്പകരുകയും ചെയ്ത, ഈ നൂറ്റാണ്ടുകണ്ട ഏറ്റവും വലിയ ദൈവശാസ്ത്രപണ്ഡിതനും ജീനിയസ്സുമാണ് അദ്ദേഹം. അദ്ദേഹത്തിന്റെ സ്ഥാനത്യാഗം വിശുദ്ധമായ ജീവിതത്തിന്റെ ഒരു പ്രകാശനമായിരുന്നു. പരമാചാര്യശുശ്രൂഷയിൽനിന്നു പിന്മാറിയപ്പോഴും പിതാവ് പറഞ്ഞത്, താൻ കുരിശിനെ ഉപേക്ഷിക്കുകയല്ല; മറിച്ച്, ഈശോയുടെ കുരിശിനോട് കൂടുതൽ താദാത്മ്യപ്പെടുകയാണ് എന്നാണ്. തന്റെ വിശ്രമകാലമാകട്ടെ തികഞ്ഞ സന്ന്യാസചൈതന്യത്തിൽ ചെലവഴിച്ചു. ലോകത്തിൽനിന്ന് മറഞ്ഞിരുന്ന് അതിഥികളെപ്പോലും ഒഴിവാക്കിക്കൊണ്ട് നിരന്തരമായ പ്രാർഥനയിലും വചനവായനയിലും വചനമനനത്തിലും പൂർണമായും സമയം ചെലവഴിച്ചു. "മണവാളന്റെ വിശ്വസ്തനായ തോഴൻ" (യോഹ. 3: 29) എന്നാണ് ഫ്രാൻസിസ് മാർപാപ്പാ തന്റെ ചരമപ്രസംഗത്തിൽ ബെനഡിക്ട് പിതാവിനെ വിശേഷിപ്പിച്ചത്. സ്വർഗീയമണവാളന്റെ സന്നിധിയിൽ, വിശ്വസ്ത തോഴനായ ബെനഡിക്ട് മാർപാപ്പാ ശക്തനായ ഒരു മധ്യസ്ഥനായി എപ്പോഴുമുണ്ട് എന്ന് നമുക്ക് ഉറപ്പോടെ വിശ്വസിക്കാം.

# ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ




പിതാവിനോടു കാണിക്കുന്ന കാരുണ്യം വിസ്മരിക്കപ്പെടുകയില്ല; പാപങ്ങളുടെ കടം വീടുന്നതിന് അതുപകരിക്കും.

പ്രഭാഷകൻ 3:14

**എഡിറ്റോറിയൽ**

## ജനാധിപത്യത്തെ കളങ്കപ്പെടുത്തുന്നവർ

ജനാധിപത്യഭാരതത്തിന്റെ കരുത്തുറ്റ ശബ്ദം അസ്തമിച്ചുപോയോ എന്ന തീർത്തും ലജ്ജാകരവും നിരാശാജനകവുമായ അടക്കംപറച്ചിലുകൾക്കും പഴിചാരലുകൾക്കുമിടയിലാണ് പാർലമെന്റിന്റെ ബജറ്റുസമ്മേളനം ഈയിടെ പര്യവസാനിച്ചത്. ലോക്സഭാതിരഞ്ഞെടുപ്പിന് ഒരു വർഷം മാത്രം ബാക്കിനിൽക്കേ, ഫലപ്രദമായ ചർച്ചകളോ സംവാദങ്ങളോ നടത്താൻ കഴിയാതെ പാർലമെന്റ് സ്തംഭിക്കുന്നത് തുടർക്കഥയാകുന്നു. ഇതിൽ ഭരണപ്രതിപക്ഷമെന്യേ എല്ലാ ജനപ്രതിനിധികളും ഉത്തരവാദികളാണെന്നു പൊതുവേ വിലയിരുത്തുമ്പോഴും, മൃഗീയഭൂരിപക്ഷത്തിന്റെ ബലത്തിൽ ഭരണം കൈയാളുന്ന സർക്കാരിനു കൈകഴുകി നല്ലപിള്ള ചമയാനാവില്ലെന്നു വ്യക്തം.

നേരത്തേ നിശ്ചയിച്ചുറപ്പിച്ച 133.6 മണിക്കൂറിൽ 45 മണിക്കൂർ മാത്രമാണ് ഇത്തവണ ലോക്സഭ ചേർന്നത്. രാജ്യസഭ സമ്മേളിച്ചതാകട്ടെ, മുൻകൂർ നിശ്ചയിച്ച 130 മണിക്കൂറിൽ വെറും 31 മണിക്കൂർ. 2023 ലെ ധനബിൽ, ജമ്മുകാഷ്മീർ അപ്രോപ്രിയേഷൻബിൽ തുടങ്ങി ആറു പ്രധാന ബില്ലുകളാണ് ഒരു ചർച്ചയും കൂടാതെ വളരെ നിസ്സാരമായി പാസാക്കിവിട്ടത്. ജനാധിപത്യത്തിന്റെ ദുരന്തമാണിത്. ഭൂരിപക്ഷത്തിന്റെ അധികാരഗർവിനുമുമ്പിൽ ന്യൂനപക്ഷങ്ങളുടെ ശബ്ദം ഒറ്റതിരിഞ്ഞുപോകുന്നതും ചിതറിക്കപ്പെടുന്നതുമൊന്നും ഇന്ത്യയിൽ ആദ്യത്തെ സംഭവമല്ലായിരിക്കാം. ചർച്ചാവിഷയമേതുമാകട്ടെ, സ്തംഭിപ്പിക്കലല്ല സംവാദമാണ് ജനാധിപത്യത്തിന്റെ കരുത്തും സൗന്ദര്യവുമെന്നു തിരിച്ചറിയാവുന്നവർതന്നെ ജനാധിപത്യത്തിന്റെ ശ്രീകോവിലിൽ നടത്തുന്ന കൈയാങ്കളികളും ആഭാസത്തരങ്ങളും സംശുദ്ധമായ ജനാധിപത്യത്തിനു തീരാക്കളങ്കമാണ്. ചരിത്രത്തിലിന്നോളം നമ്മുടെ സാമാജികർ നടത്തിയിട്ടുള്ള ഇത്തരം പൊറാട്ടുനാടകങ്ങളുടെ ഘോഷയാത്രകൾ നമ്മെ ലജ്ജിപ്പിക്കുന്നു. നിയമനിർമാണസഭകളിൽ ഇത്തരത്തിലുള്ള ശബ്ദകോലാഹലങ്ങളും യുദ്ധസമാനമായ രംഗങ്ങളും തുടർക്കഥകളാകുമ്പോൾ ജനങ്ങൾക്ക് അവയിലുള്ള വിശ്വാസം നഷ്ടപ്പെടുന്നുണ്ടെന്ന് അവർ ഓർമിക്കുന്നതും നന്ന്.

പാർലമെന്റ് ഓരോ തവണയും തടസ്സപ്പെടുമ്പോൾ പാഴാകുന്നത് സമയംമാത്രമല്ല, കോടിക്കണക്കിനു രൂപയുമാണെന്ന നഗ്നസത്യം പാവം ജനം അറിയുന്നില്ല! പാർലമെന്റു ചേരുന്ന ഓരോ മിനിറ്റിലും 2.5 ലക്ഷം രൂപയാണ് ചെലവാകുന്നതെന്നാണ് സർക്കാർകണക്ക്. അങ്ങനെയെങ്കിൽ ഒരു മണിക്കൂറിന് 1.5 കോടി രൂപയാണു ചെലവ്. ഇത്തവണ ലോക്സഭ മുടങ്ങിയ 88 മണിക്കൂറിന്റെയും രാജ്യസഭ മുടങ്ങിയ 99 മണിക്കൂറിന്റെയുംപേരിൽ പാഴായിപ്പോയ കോടികളെക്കുറിച്ചോർത്ത് ആരുടെയെങ്കിലും ഉള്ളം പൊള്ളുന്നുണ്ടോ? സഭ സമ്മേളിക്കുമ്പോൾ ഓരോ സഭാംഗത്തിനും രണ്ടായിരം രൂപയാണ് ദിനബത്തയായി നൽകുന്നത്. ഇരുസഭകളിലുമായി 788 എംപിമാരുള്ള ഇന്ത്യയിൽ ഈയിനത്തിൽമാത്രം പ്രതിദിനച്ചെലവ് 15 ലക്ഷത്തോളം രൂപയാണ്. ഭരണപക്ഷവും പ്രതിപക്ഷവും പോരടിച്ച് സഭയെ യുദ്ധക്കളമാക്കുമ്പോൾ പാഴായിപ്പോകുന്നത് ജനങ്ങളുടെ നികുതിപ്പണമാണെന്ന് ജനപ്രതിനിധികൾക്കു സ്മരണ വേണം.

ജനാധിപത്യത്തിൽ ഏകാധിപതി/കളുടെ വാഴ്ചയാണ് അതിന്റെ ശക്തിയും ചൈതന്യവും തല്ലിക്കെടുത്തുന്നത്. സ്വേച്ഛാധിപത്യം പുലരുമ്പോൾ ജനാധിപത്യം തകരുന്നത് സ്വാഭാവികമാണ്. ഇന്ത്യയിലും അത്തരത്തിലുള്ള അധിനിവേശങ്ങൾ ഭീഷണിയുണർത്തുന്നുവെന്നാണ് പ്രതിപക്ഷകക്ഷികളുടെയും ജനാധിപത്യവിശ്വാസികളുടെയും വനരോദനം. പ്രതിപക്ഷം ചോദ്യങ്ങളുന്നയിക്കേണ്ടതും പ്രതിഷേധിക്കേണ്ടതും ജനാധിപത്യത്തിന്റെ സംശുദ്ധമായ നിലനില്പിന് അത്യന്താപേക്ഷിതമായിരിക്കേ, അതിനെ അടിച്ചമർത്താനുള്ള ഭരണപക്ഷത്തിന്റെ ധാർഷ്ട്യം ഇന്ത്യയിലെന്നല്ല ഒരു രാജ്യത്തും അനുവദിച്ചുകൂടാ. നാനാത്വത്തിൽ ഏകത്വം ആദർശവാക്യമായി സ്വീകരിച്ചിരിക്കുന്ന ഇന്ത്യയിൽ ജനാധിപത്യത്തിന്റെ ശ്രീകോവിലായ നിയമനിർമാണസഭകളിൽ എല്ലാ വിഭാഗം ജനങ്ങളുടെയും ശബ്ദം ഉയിർകൊള്ളണം. ചർച്ചയും സംവാദവും എത്രത്തോളമുണ്ടാകുന്നുവോ അത്രമാത്രം ജനാധിപത്യം കരുത്തുറ്റതാകുമെന്ന് ഉറപ്പാണ്. വെറുപ്പിന്റെ രാഷ്ട്രീയമല്ല, സമാധാനം ഊട്ടിയുറപ്പിക്കുന്ന ചർച്ചകളും സർഗാത്മകസംവാദങ്ങളുംവഴി നമ്മുടെ ജനാധിപത്യഭാരതം കൂടുതൽ തിളക്കമുള്ളതാകട്ടെ എന്നാശംസിക്കാം.

■

# ലോകത്തിന്റെ കുതിപ്പ് ഇന്ത്യയുടെ കൈകളിലേക്ക്

*1-ാം പേജ് തുടർച്ച*



രാജ്യത്തെ മുതിർന്ന നയതന്ത്രജ്ഞരോ ഉദ്യോഗസ്ഥരോ ഷെർപ്പകളായി പ്രവർത്തിക്കും. ഉച്ചകോടിയുടെ പ്രഖ്യാപനങ്ങൾക്കു രൂപം നൽകുന്നത് ഷെർപ്പകളും ഫിനാൻസ് ട്രാക്ക് പ്രതിനിധികളുമാണ്. അന്തിമപ്രഖ്യാപനം നടത്തുന്നത് രാഷ്ട്രത്തലവന്മാരാണെങ്കിലും അതിനുള്ള വഴിയൊരുക്കുന്നത് ഷെർപ്പ സമ്മേളനങ്ങളാണ്. അതിനാൽത്തന്നെ കുമരകത്തുചേർന്ന ഷെർപ്പസമ്മേളനം ഒരു മിനി ഉച്ചകോടിയെന്നു വിശേഷിപ്പിക്കാം.

ജി 20 യ്ക്കു മുന്നോടിയായിട്ടുള്ള രണ്ടാമത് ഷെർപ്പ സമ്മേളനത്തിനാണ് കുമരകം വേദിയായത്. 2022 ഡിസംബർ 4 മുതൽ 7 വരെ ഉദയ്പൂരിലായിരുന്നു ആദ്യസമ്മേളനം. ഉച്ചകോടിയെ ഏറ്റവും സ്വാധീനിക്കുന്നത് ഷെർപ്പകളുടെ നിലപാടുകളായതുകൊണ്ടുതന്നെ അവരുടെ നയതന്ത്രജ്ഞതയും കാഴ്ചപ്പാടുകളും തീരുമാനങ്ങളും ഉച്ചകോടിയുടെ വിജയത്തിന്റെ പ്രധാന കണ്ണിയാണ്. വികസന വർക്കിങ് ഗ്രൂപ്പും കുമരകത്തു സമ്മേളിച്ചു.

**ജി 20 യുടെ ചരിത്രം**

1997-98 കാലഘട്ടങ്ങളിലെ ഏഷ്യൻ രാജ്യങ്ങളിലെ അതിരൂക്ഷമായ സാമ്പത്തികപ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ വിവിധ രാജ്യങ്ങളിലെ ധനമന്ത്രിമാരും ബാങ്ക് ഗവർണർമാരും ഒരുമിച്ചുചേർന്ന് ജി 20 അഥവാ ഗ്രൂപ്പ് ഓഫ് 20 രാജ്യാന്തര സംയുക്തകൂട്ടായ്മയ്ക്ക് 1999 ൽ തുടക്കമിട്ടു. എന്നാൽ 2007 ൽ സാമ്പത്തികപ്രതിസന്ധി വീണ്ടും രൂക്ഷമായപ്പോൾ ഈ രാജ്യങ്ങളുടെ രാഷ്ട്രത്തലവന്മാർ നേരിട്ട് ജി 20 യുടെ നേതൃത്വത്തിൽ വരുകയും രാഷ്ട്രത്തലവന്മാരുടെ കൂട്ടായ്മയായി മാറുകയും ചെയ്തു. ലോകജനസംഖ്യയുടെ മൂന്നിൽ രണ്ടും ലോകവ്യാപാരത്തിന്റെ 75 ശതമാനവും ജി.ഡി.പി.യുടെ 85 ശതമാനവും ജി 20 യിൽ പെടുന്നു.

എല്ലാ വർഷവും ജി 20 ഉച്ചകോടി ചേരുന്നുണ്ട്. 2009, 2010 വർഷങ്ങളിൽ രണ്ടുതവണ വീതം ഉച്ചകോടി ചേർന്നു. മുൻ പ്രസിഡന്റ്, നിലവിലുള്ള പ്രസിഡന്റ്, വരാൻ പോകുന്ന പ്രസിഡന്റ് ഈ മൂന്നു രാഷ്ട്രങ്ങളും ചേർന്ന സമിതിയാണ് ഓരോ വർഷവും ഉച്ചകോടിക്കു നേതൃത്വം നൽകുന്ന കോർ കമ്മിറ്റി. ഇതനുസരിച്ച് 2022 ലെ ജി 20 യ്ക്ക് നേതൃത്വം നൽകിയ ഇന്തോനേഷ്യ, 2023 ൽ നേതൃത്വം നൽകുന്ന ഇന്ത്യ, അടുത്ത വർഷം ജി 20 യ്ക്ക് ആതിഥേയത്വം വഹിക്കുന്ന ബ്രസീൽ എന്നീ രാജ്യങ്ങളുടെ തലവന്മാരാണ് 2023 ലെ ഉച്ചകോടിയുടെ സംഘാടകനേതൃത്വം വഹിക്കുന്നത്.

2002 ൽ ജി 20 രാജ്യങ്ങളിലെ ധനകാര്യമന്ത്രിമാരുടെയും ബാങ്ക് ഗവർണർമാരുടെയും സമ്മേളനത്തിന് ഇന്ത്യ ആതിഥേയത്വം വഹിച്ചിരുന്നു. ഇക്കാലത്ത് ജി 20 യിൽ രാഷ്ട്രത്തലവന്മാർ നേതൃത്വത്തിലില്ലായിരുന്നു. സാമ്പത്തിക കാര്യങ്ങൾ മാത്രമായിരുന്നു 2008 വരെ ചർച്ചാവിഷയങ്ങൾ. 2008 ൽ രാഷ്ട്രത്തലവന്മാരുടെ ഉച്ചകോടിയായി ജി 20 മാറിയപ്പോൾ കൃഷി, ആരോഗ്യം, സമഗ്രവളർച്ച, വ്യാപാരം, പരിസ്ഥിതി, കാലാവസ്ഥാവ്യതിയാനം, അഴിമതിവിരുദ്ധത, ഡിജിറ്റലൈസേഷൻ തുടങ്ങി ആഗോളവളർച്ച ലക്ഷ്യംവയ്ക്കുന്ന വിവിധ വിഷയങ്ങൾക്കു പ്രാമുഖ്യമേകി.

**അംഗരാജ്യങ്ങളും ആതിഥേയരും**

അർജന്റീന, ആസ്ത്രേലിയ, ബ്രസീൽ, കാനഡ, ചൈന, ഫ്രാൻസ്, ജർമനി, ഇന്ത്യ, ഇന്തോനേഷ്യ, ഇറ്റലി, ജപ്പാൻ, മെക്സിക്കോ, റഷ്യ, സൗദി അറേബ്യ, സൗത്ത് ആഫ്രിക്ക, സൗത്ത് കൊറിയ, തുർക്കി, യു.കെ., അമേരിക്ക എന്നീ പത്തൊമ്പത് രാജ്യങ്ങളും യൂറോപ്യൻ യൂണിയനും ഉൾക്കൊള്ളുന്നതാണ് ജി 20 ഉച്ചകോടി. രാഷ്ട്രത്തലവന്മാർ പ്രതിനിധീകരിക്കുന്ന ജി 20 യുടെ 18-ാമത് ഉച്ചകോടിക്കാണ് 2023 സെപ്തംബറിൽ ഇന്ത്യ ആതിഥേയത്വം വഹിക്കുന്നത്. ഇന്ത്യയാണ് 2022 ഡിസംബർ 1 മുതൽ 2023 നവംബർ 30 വരെ ഒരു വർഷത്തേക്ക് ജി 20 ഉച്ചകോടിയുടെ പ്രസിഡന്റ് പദവി അലങ്കരിക്കുന്നത്.

**ജി 20 യിലെ പ്രത്യേക ക്ഷണിതാക്കൾ**

അംഗരാജ്യങ്ങൾ കൂടാതെ ബംഗ്ലാദേശ്, ഈജിപ്ത്, മൗറീഷ്യസ്, നെതർലാന്റ്, നൈജീരിയ, മ്യാൻമർ, സിങ്കപ്പൂർ, സ്പെയിൻ, യുഎഇ എന്നീ 9 രാജ്യങ്ങളെ ഡൽഹി ഉച്ചകോടിയിൽ ഇന്ത്യ പ്രത്യേക താത്പര്യമെടുത്തു ക്ഷണിതാക്കളാക്കിയിട്ടുണ്ട്. ഈ 9 രാജ്യങ്ങളുടെ പ്രതിനിധികളും കുമരകത്തു നടന്ന ചർച്ചകളിൽ പങ്കുചേർന്നു. രാജ്യാന്തരസംഘടനകളായ യുഎൻ, ഐഎംഎഫ്, വേൾഡ് ബാങ്ക്, ലോകാരോഗ്യസംഘടന, ലോകവ്യാപാരസംഘടന, ഐഎൽഒ, എഫ്എസ്ബി, ഒഇസിഡി എന്നിവയ്ക്കു പുറമെ എഡിബി, ഐഎസ്എ, ഡിസിആർഐ എന്നീ രാജ്യാന്തര വ്യാപാര സാമ്പത്തിക സംഘടനകളെയും ആസിയാൻ, ആഫ്രിക്കൻ യൂണിയൻ ഡവലപ്മെന്റ് ഏജൻസി തുടങ്ങിയ വിവിധ പ്രാദേശിക വ്യാപാരക്കൂട്ടായ്മകളും ഇന്ത്യയിലെ ജി 20 ഉച്ചകോടിയിൽ പ്രത്യേക ക്ഷണിതാക്കളായി പങ്കുചേരുന്നു.

*ശേഷം 12-ാം പേജിൽ*

Deepanalam Weekly
RNI No : 16998/68
Vol. 56 No. 7 Date of Publication 13 April 2023
Annual Subscription Rate ₹ 400 (For Abroad ₹ 4500)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment













Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org